പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3157. 15/02/2013 -ൽ മറുപടിക്ക്

**കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം തീപിടിച്ച് നശിച്ചത് എന്നാണ്; | എ) 2009 മാർച്ച് 15-ാം തീയതി. |
| ബി) പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എത്ര തവണ രജിസ്ട്രേഷൻ അതോറിറ്റികൾക്ക് പ്ളാൻ സമർപ്പിച്ചിട്ടുണ്ട്; | ബി) ഒരു തവണ. 21/10/2010-ൽ 43 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. |
| സി) പ്രസ്തുത പ്ളാൻ രജിസ്ട്രേഷൻ അധികാരികൾ നാളിതുവരെ അംഗീകരിച്ചു നൽകാത്തതിനാൽ ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 43 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിൽ, വിശദമായ വർക്ക് എസ്റ്റിമേറ്റ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, ആയതുകൂടി ലഭ്യമാക്കാൻ, ചീഫ് എഞ്ചിനീയർക്ക്, 22/2/2012, 03/04/2012, 12/9/2012 എന്നീ തീയതികളിൽ കത്തുകൾ നൽകിയെങ്കിലും, ആയത് ലഭ്യമാക്കിയിട്ടില്ല. |

......2

| | | | |
|---|---|---|---|
| | | | മാത്രമല്ല, കൊട്ടാരക്കര പൊതുമരാമത്ത് (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ പ്ലാൻ, സബ് രജിസ്ട്രാരാഫീസിന് യോജിച്ചതല്ല എന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റ് ഓഫീസിലെ സീനിയർ ആർക്കിടെക്റ്റ് അഭിപ്രായപ്പെട്ടിരുന്നു. പുതിയ പ്ലാൻ തയ്യാറാക്കി നൽകുവാൻ ചീഫ് ആർക്കിടെക്ടിനോട് ആവശ്യപ്പെട്ടതനുസരിച്ച്, പ്ലാനിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിക്കിട്ടിയത് പരിശോധിച്ച് ആവശ്യമായ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. ഫൈനൽ പ്ലാൻ ഇതുവരെ ലഭിച്ചിട്ടില്ല. |
| ഡി) | പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്ളാൻ അംഗീകരിക്കുന്നതിനും നിർമ്മാണത്തിനാവശ്യമായ പണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | ഫൈനൽ പ്ലാൻ പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക്, ആയത് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ കണക്ക് ശീർഷകത്തിൽ നിന്നാണ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ.